LIBRARY ARCHIVES Kerala Legislative Assembly

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

29 (2857) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഗ്രാമവികസനവകുപ്പ് മുഖേന അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും അതിന് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തൊഴിലുറപ്പ് പദ്ധതി

30 (2858) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലുറപ്പുപദ്ധതി പ്രകാരം 100 ദിവസത്തെ തൊഴിൽ ലഭിച്ചിട്ടുള്ള കുടുംബങ്ങളുടെ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇത് പദ്ധതിക്ക് രജിസ്റ്റർ ചെയ്തവരുടെ എത്ര ശതമാനം വരുമെന്ന് വർഷം തിരിച്ചു ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണവും രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് ആനുപാതികമായിട്ടുള്ള ശതമാനവും വർഷംതിരിച്ച് ചുവടെ ചേർക്കുന്നു: